# എ.വി അബ്ദുൽ മജീദ്

**പ്രബോധനപ്രവർത്തന** രംഗത്ത് വ്യക്തിമുദ്ര പതിച്ച്, സ്വന്തമായി വെട്ടിത്തെളിയിച്ച വഴിയിലൂടെ മുന്നോട്ടുപോയ അസാധാരണ വ്യക്തിത്വമായിരുന്നു നമ്മെ വിട്ടുപോയ എ.വി അബ്ദുൽ മജീദ് സാഹിബ്. ജന്മദേശമായ ചാവക്കാട് വിട്ട് പെരുമ്പിലാവിലായിരുന്നു അദ്ദേഹത്തിന്റെ താമസം.

അബ്ദുൽ മജീദ് സാഹിബിനെക്കുറിച്ച ഓർമകൾ പങ്കുവെക്കുന്നത് പ്രയോജനകരമാകും എന്ന് കരുതുന്നു. 1971 മാർച്ച് മാസത്തിൽ ആദ്യമായി ഖത്തർ തലസ്ഥാനമായ ദോഹയിൽ കാലുകുത്തിയതു മുതൽ ആരംഭിച്ച ഞങ്ങളുടെ സൗഹൃദം 2011 ഏപ്രിൽ 30-ന് അദ്ദേഹം വിടവാങ്ങുന്നത് വരെ തുടർന്നു.

ഖത്തറിലെ റിലീജ്യസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കാനാണ് ഞങ്ങൾ അഞ്ചുപേരെ ശാന്തപുരം കോളേജിൽ നിന്നയച്ചത്. ഞങ്ങളെ സ്വീകരിച്ച് താമസസ്ഥലത്ത് എത്തിച്ചത് പരേതരായ കേളോത്ത് അബ്ദുല്ല ഹാജിയും അബ്ദുൽ മജീദ് സാഹിബും പി.കെ മുഹമ്മദലി സാഹിബുമായിരുന്നു (എല്ലാവർക്കും അല്ലാഹു അനുഗ്രഹം ചൊരിഞ്ഞുകൊടുക്കുമാറാകട്ടെ).

അബ്ദുൽമജീദ് സാഹിബ് ഒരു വിജ്ഞാന കുതുകിയായിരുന്നു. യാഥാസ്ഥിതിക സാഹചര്യത്തിൽനിന്ന് പുരോഗമനാശയങ്ങളിലേക്ക് സ്വയം മാറി വരാൻ അതിനാൽ അദ്ദേഹത്തിനു സാധിച്ചു. കേരള മുസ്‌ലിം നഭോമണ്ഡലത്തിൽ പുരോഗമനാശയ ഗുരുവായി പരിലസിച്ച മർഹൂം സി.എൻ അഹ്മദ് മൗലവിയുമായി ദീർഘകാലം സഹവസിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. സി.എന്നിന്റെ ചിന്തകൾ അദ്ദേഹം അപഗ്രഥിച്ച് മനസ്സിലാക്കിയിരുന്നു. പിന്നീടാണ് ജമാഅത്തെ ഇസ്‌ലാമിയെ അടുത്തറിഞ്ഞ് ജമാഅത്തിന്റെ അംഗത്വം വരെ സ്വീകരിച്ചത്.

ദോഹയിലെ പഴയ മാർക്കറ്റിൽ തിരക്കൊഴിഞ്ഞ ഒരു കൊച്ചു ഷോപ്പിൽ ഏറ്റവും വിലപ്പെട്ട വാച്ചുകൾ നന്നാക്കാൻ- വിശിഷ്യാ റോളക്സ് വാച്ച്- സ്വദേശികളും വിദേശികളും 'സ്വിസ്സ് വാച്ച് ഹൗസി'ൽ വരും. അബ്ദുൽ മജീദ് സാഹിബല്ലാതെ ഗ്യാരന്റിയോടുകൂടി വാച്ച് നന്നാക്കിക്കൊടുത്ത് മിതമായ ചാർജ് വാങ്ങുന്ന സമർഥനായ മറ്റൊരാൾ ദോഹയിലുണ്ടായിരുന്നില്ല. ലക്ഷങ്ങൾ വിലയുള്ള വാച്ചുകൾ കമ്പനിയിലേക്കയ



ക്കാതെ ഒരു സാദാ 'വാച്ചുമേക്കറെ' ഏൽപിക്കാനുള്ള കാരണം അദ്ദേഹത്തിന്റെ വൈദഗ്ധ്യവും സത്യസന്ധതയും കൃത്യനിഷ്ഠയുമായിരുന്നു. ഇഖ്‌വാൻകാരായ അനേകം സുഹൃത്തുക്കളുണ്ടായിരുന്നു അദ്ദേഹത്തിന്.

ശഹീദ് ഹസനുൽ ബന്നയും വാച്ച്മേക്കറായിരുന്നു എന്നവർ അനുസ്മരിക്കും. ഇടുങ്ങിയ ഷോപ്പിൽ കൊച്ചു സ്റ്റൂളിൽ ദീർഘനേരം കുത്തിയിരുന്ന് സംസാരിക്കും. വിഷയം വാച്ചല്ലെങ്കിൽ പിന്നെ ഇസ്‌ലാമും മുസ്‌ലിംകളും, പ്രശ്നങ്ങളും പരിഹാരവും എന്നതെല്ലാമായിരിക്കും. ഇസ്‌ലാമിക ജീവിതരീതിയിൽ വീഴ്ച വരുത്തുന്നവരെ വളരെ സൗമ്യമായി ഉപദേശിച്ച് മാറ്റിയെടുക്കും.

ഏതു നാട്ടുകാരനാണെങ്കിലും സംസാരം മതപരമായ പ്രശ്നങ്ങളിലേക്ക് മജീദ് സാഹിബ് തിരിച്ചു വിടും. ഇംഗ്ലീഷ്, ഹിന്ദി, ഉർദു, തമിഴ്, അറബി, മലയാളം എന്നിവയെല്ലാം നന്നായി കൈകാര്യം ചെയ്യുമായിരുന്നു. അതിനാൽ ജോലി സമയം പ്രബോധനത്തിനുപയോഗിക്കാൻ ഒട്ടും പ്രയാസമുണ്ടായിരുന്നില്ല. ഇന്ത്യക്കാർ തങ്ങളെ ഉപദേശിക്കുന്നത് രസിക്കാതിരുന്ന ഒരു ഫലസ്തീനിയോട് അബ്ദുൽ മജീദ് സാഹിബ് ചോദിച്ചു: "ഭൂമിയിൽ ഏറ്റവും കൂടുതൽ പ്രവാചകന്മാർ വന്നതെവിടെയാണ്? മധ്യപൂർവദേശത്ത്, ഇന്ത്യയിലല്ല. എന്തുകൊണ്ടാണത്? നിങ്ങളെ പലതവണ ഉപദേശിക്കേണ്ടിവരും. അതിനാൽ ധാരാളം പ്രവാചകന്മാർ നിങ്ങളെ ഉപദേശിക്കാൻ വന്നു."

അന്ധവിശ്വാസവും അനാചാരങ്ങളും ഒട്ടും പൊറുപ്പിക്കാത്ത പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. അവസരം പാഴാക്കാതെ ജനങ്ങളെ അദ്ദേഹം ബോധവൽക്കരിക്കാൻ ശ്രമിച്ചു. ഖത്തറിൽ അനാചാരങ്ങൾക്ക് പ്രചാരം നൽകാൻ ശ്രമിച്ച ഒരു മലയാളി പണ്ഡിതന്റെ സംസാരം റെക്കോർഡ് ചെയ്ത് അധികൃതരുടെ ശ്രദ്ധയിൽ പെടുത്തി. അദ്ദേഹത്തെ ഉടനെ നാട്ടിലേക്ക് കയറ്റി അയച്ചു.

മലയാളികൾക്ക് തൊഴിലവസരം സൃഷ്ടിക്കാൻ അബ്ദുൽ മജീദ് സാഹിബ് തന്റെ ബന്ധങ്ങൾ ധാരാളമായി ഉപയോഗപ്പെടുത്തി. അദ്ദേഹത്തോട് കടപ്പാടുള്ള ധാരാളം പേർ ഖത്തറിലുണ്ടായിരുന്നു. വാച്ച് റിപ്പയർ ജോലിയിലെ നൈപുണ്യമാണ് അറബികളുമായി അദ്ദേഹത്തിനുള്ള സ്നേഹബന്ധത്തിന്റെ അടിസ്ഥാനം. ഒരിക്കൽ ജോലി സംബന്ധമായ ഒരു അബദ്ധം പറ്റിയതിന്റെ പേരിൽ നമ്മുടെ ഒരു പണ്ഡിതനെ ഉദ്യോഗത്തിൽ നിന്ന് പിരിച്ചുവിട്ടു. വിവരമറിഞ്ഞ് ഞാൻ അബ്ദുൽ മജീദ് സാഹിബിനെ വിളിച്ചു. രണ്ടുപേരും അഭ്യന്തരമന്ത്രിയുടെ സെക്രട്ടറിയെ പോയി കണ്ടു. മന്ത്രി ഉത്തരവ് പിൻവലിച്ചു. കൂടെപോയ എനിക്കാണ് ക്രഡിറ്റു ലഭിച്ചത്. എന്നാൽ, അബ്ദുൽ മജീദ് സാഹിബാണ് സെക്രട്ടറിയുമായി ബന്ധപ്പെട്ടതും സന്ദർശനാനുമതി നേടിയതും.

ഇസ്‌ലാമിക പ്രബോധനത്തിന് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കണമെന്ന് പറയുമായിരുന്നു. ഒരു തവണ അദ്ദേഹത്തെ നാട്ടിലേക്ക് യാത്ര അയക്കാൻ ചെന്നപ്പോൾ 'അക്കായി' കമ്പനിയുടെ ഒരു വിഡിയോ സെറ്റ്, വിഡിയോ കാമറ, കാസറ്റുകൾ എന്നിവ ദൃഷ്ടിയിൽ പെട്ടു. എന്താണ് പരിപാടിയെന്നന്വേഷിച്ചു. "പ്രകൃതി കോപങ്ങളും പ്രകൃതി ദൃശ്യങ്ങളും പ്രബോധനത്തിനുപയോഗിക്കണം. പറ്റിയ ഒരു ആർട്ടിസ്റ്റിനെ കിട്ടണം. കൊല്ലങ്ങളായി ശേഖരിച്ച അനേകം സീനുകൾ ഈ വീഡിയോ ടേപ്പുകളിലുണ്ട്" - അദ്ദേഹം പറഞ്ഞു. പിന്നീടുണ്ടായ ചില സംഭവങ്ങളും അൾഷി

മേഴ്സ് രോഗവും സ്വപ്നം പൂവണിയുന്നതിന് തടസ്സമായി.

ഒരുന്നത ഇസ്‌ലാമിക കലാലയം കേരളത്തിലില്ല. പണ്ഡിതന്മാർ വിത്തറ്റു പോവുന്നു. അതിനാൽ കേരളത്തിന്റെ ഏതാണ്ട് മധ്യത്തിലുള്ള പെരുമ്പിലാവിൽ അത്തരം ഒരു ഗവേഷണ കേന്ദ്രം തുടങ്ങണം. അഖിലേന്ത്യാ അടിസ്ഥാനത്തിൽ പണ്ഡിതരെ ആകർഷിക്കുന്ന ഒരു കേന്ദ്രം.

ഞങ്ങളീ ആശയം ഗൗരവമായി ചർച്ച ചെയ്തു. അത്തവണ നാട്ടിൽ പോയി വന്നപ്പോൾ എന്നോട് ഒരു സന്തോഷ വാർത്തയുണ്ടെന്ന് പറഞ്ഞ് വിളിച്ചു. ഒരു ട്രസ്റ്റിന്റെ ഭരണഘടന കാണിച്ചു. സമ്മതം ചോദിക്കാതെ ത്തന്നെ എന്റെ പേരും അതിലുണ്ട്. മർഹൂം അബുൽ ജലാൽ മൗലവിയാണ് ട്രസ്റ്റ് ചെയർമാൻ. പിന്നെ ജമാഅത്ത് അമീർ മുതൽ പ്രധാനനേതാക്കളെല്ലാമുണ്ട്. തന്റെ സന്താനങ്ങളിൽ അൽപം ദുർബലനായ 'അൻസാരി'യുടെ പേരിലാണ് ട്രസ്റ്റ്. മർഹൂം ശൈഖ് അബ്ദുൽ മുഇസ്സിന്റെ നിർദേശ പ്രകാരം സ്ഥാപനങ്ങളുടെ പേരിൽ 'അൻസാർ' എന്നാക്കി പേരിനൊരു ചെറിയ തിരുത്ത്. പ്രതീക്ഷിച്ചതിനെക്കാൾ എത്രയോ വേഗത്തിൽ അൻസാർ സ്ഥാപനങ്ങൾ വളർന്നു വികസിച്ചു. തന്റെ സ്വപ്നം പുലർന്നില്ല, എന്നാലും കേരളീയർക്കൊരു സേവനം ചെയ്യാനായി എന്ന കൃതാർഥത ആ വലിയ മനസ്സിലുണ്ടായി.

ഖത്തറിലെ സാമ്പത്തിക തൊഴിൽ മേഖലകളിൽ ഇടക്കാലത്ത് വലിയ മാറ്റങ്ങളുണ്ടായി. വാച്ചുകൾ ഡിജിറ്റൽ ലോകം കവർന്നു. വാച്ച് റിപ്പയർ ചെയ്യാതായി. വാടക വർധിച്ചു. പുതിയ സമവാക്യങ്ങൾ പഠിച്ച് രംഗം മാറാൻ അബ്ദുൽ മജീദ് സാഹിബിനായില്ല. അദ്ദേഹം സാമ്പത്തികമായി വളരെ പ്രയാസപ്പെട്ടു. പക്ഷേ, അധികമാരെയും അറിയിച്ചില്ല.

അദ്ദേഹത്തെ മഥിച്ചിരുന്ന പ്രശ്നം തന്റെ സാമ്പത്തിക തകർച്ചയായിരുന്നില്ല. അദ്ദേഹത്തെ വിശ്വസിച്ച് ബിസിനസ്സിൽ പണമിറക്കി അതിന്റെ വരുമാനവിഹിതം വാങ്ങിയിരുന്ന ഏതാനും ഇഖ്‌വാൻ പ്രവർത്തകരുണ്ടായിരുന്നു. അവർക്ക് മൂലധനം തിരിച്ചുകൊടുക്കാൻ കഴിയാതെ വന്നു. മകന്റെ ശമ്പളത്തിൽനിന്നാണ് അത് കുറേശ്ശെയായി കൊടുത്തുതീർത്തത്.

അബ്ദുൽമജീദ് സാഹിബിന്റെ സൽക്കർമങ്ങൾക്ക് അല്ലാഹു ധാരാളമായി പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ■

**എം.വി മുഹമ്മദ് സലീം**
msaleemmv@gmail.com

# പി.എ അബ്ദുല്ല ഹാജി



**തൃശൂർ** ജില്ലയിൽ വാടാനപ്പള്ളിയിലെ പ്രസ്ഥാന പ്രവർത്തകർക്കിടയിലെ കാരണവരും സാമൂഹിക സാംസ്കാരിക സേവനരംഗങ്ങളിൽ നിറസാന്നിധ്യവുമായിരുന്നു പി.എ അബ്ദുല്ല ഹാജി.

ഞായറാഴ്ച രാവിലെ നടന്ന ഹൽഖാ യോഗത്തിൽ ആദ്യന്തം പങ്കെടുത്ത് തിരിച്ചെത്തിയ ഉടൻ ആയിരുന്നു മരണം.

ഇസ്‌ലാമിക പ്രവർത്തകർക്ക് പകർത്താൻ ഒരുപാട് ഉദാത്ത മാതൃകകൾ ബാക്കിവെച്ചുകൊണ്ടാണ് അദ്ദേഹം വിടപറഞ്ഞത്.

സമ്പന്ന തറവാട്ടിൽ അബ്ബാസ് മൊല്ലാക്കയുടെയും ആസ്യ ഉമ്മയുടെയും ഏകമകനായി ജനിച്ച അദ്ദേഹം അക്കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ചുരുക്കം പേരിൽ ഒരാളാണ്. വിദ്യാഭ്യാസാനന്തരം സ്വന്തം നാട്ടിൽ അധ്യാപകനായി 4 വർഷത്തോളം ജോലി ചെയ്ത ശേഷം ഇന്ത്യൻ ആർമിയിൽ ചേർന്ന് 22 വർഷത്തോളം രാജ്യ സേവനം ചെയ്തു നാട്ടിലെത്തിയ ശേഷം സാമൂഹികസേവനരംഗങ്ങളിൽ നിറഞ്ഞു നിൽക്കുകയായിരുന്നു. 1965–70 കളിൽ ജമാഅത്തെ ഇസ്‌ലാമി വാടാനപ്പള്ളി ഘടകത്തിന്റെ മേൽനോട്ടത്തിൽ രൂപംകൊണ്ട 'മുസ്‌ലിം സാംസ്കാരികസംഘ'ത്തിന്റെ പ്രസിഡന്റായി. സംഘത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് അന്ന് വിദ്യാർഥിയായിരുന്ന ഈ കുറിപ്പെഴുതുന്നയാൾ പരിചയപ്പെടുന്നത്. ഈ സൗഹൃദം ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ 15 വർഷം അബൂദബിയിൽവെച്ചും തുടർന്ന് ഇതുവരെയും ഒരുമിച്ച് പ്രവർത്തിക്കാൻ സഹായകമായിട്ടുണ്ട്.

സാംസ്കാരിക സംഘത്തിന്റെ പേരിൽ വാടനപ്പള്ളി മഹല്ലിൽ പാവപ്പെട്ടവർക്ക് പുരകെട്ടി മേയാനും റേഷൻ വാങ്ങാനും ദാരിദ്ര്യനിർമാർജനത്തിനും രോഗചികിത്സക്കും മറ്റുമായി ഒരുപാട് പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. സാംസ്കാരിക സംഘത്തിന്റെ പ്രവർത്തനഫലമായി, അന്ന് സാമ്പത്തിക പരാധീനതമൂലം ഇലക്ട്രിക് കണക്ഷൻ ഇല്ലാതിരുന്ന വാടാനപ്പള്ളി തെക്കെ ജുമുഅത്ത് പള്ളിക്ക് വയറിംഗ് നടത്തി ഇലക്ട്രിഫിക്കേഷൻ ചെയ്ത കാര്യം ഈയുള്ളവൻ ഓർക്കുകയാണ്.

പിന്നീട് സാംസ്കാരിക സംഘത്തിന് കീഴിൽ പ്രവർത്തിച്ചിരുന്ന 'സിയാസത്തുൽ ഇസ്‌ലാം മദ്റസ' നടത്തിപ്പിലെ അഭിപ്രായ വ്യത്യാസം മൂലം പ്രസിഡന്റായിരുന്ന അബ്ദുല്ലഹാജിയും വിരലിലെണ്ണാവുന്ന പ്രവർത്തകരും കൂടി 'അൽ മദ്റസത്തുൽ ഇസ്‌ലാമിയ' എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന് രൂപം നൽകി. ഇതാണ് പിന്നീട് വാടാനപ്പള്ളി 'ഓർഫനേജ് ഇസ്‌ലാമിയാ കോളേജ്' ആയി മാറിയത്. മരിക്കുന്നതിന് തൊട്ടുമുമ്പുവരെ ഓർഫനേജ് ട്രസ്റ്റിന്റെ സെക്രട്ടറിയും അബ്ദുല്ല ഹാജിയായിരുന്നു.

അബൂദബി വാടനപ്പള്ളി വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ്, രക്ഷാധികാരി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വാടാനപ്പള്ളി ഓർഫനേജ് ട്രസ്റ്റിന്റെ സെക്രട്ടറിയായിരുന്ന അദ്ദേഹം അൽനൂർ ചാരിറ്റബ്ൾ ട്രസ്റ്റിന്റെ വൈസ് ചെയർമാനായിരുന്നു. വാടാനപ്പള്ളി സകാത്ത് കമ്മിറ്റി പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ജാതിമതഭേദമന്യേ വലിയൊരു സുഹൃദ്വലയത്തിന്നുടമയായിരുന്നു. അവരുടെയെല്ലാം ആദരവും സ്നേഹവും നേടിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ജനസേവനത്തിന് ഒരു തരത്തിലുള്ള അതിർവരമ്പുകളും നിശ്ചയിക്കാതെ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളിലേക്കും വഴിഞ്ഞൊഴുകിയ ആർദ്രതയുടെ സദ്ഭാവമായിരുന്നു അദ്ദേഹം. ഓർഫനേജിലെ കുട്ടികൾക്ക് അദ്ദേഹം വാപ്പയായിരുന്നു. ഓർഫനേജിൽ നടക്കുന്ന അനാഥ കുട്ടികളുടെ വിവാഹങ്ങളിൽ 50 കുട്ടികളുടെ നിക്കാഹ് നടത്തിക്കൊടുത്തതും അബ്ദുല്ല ഹാജി തന്നെയായിരുന്നു. ■

**ഖാലിദ് വാടനപ്പള്ളി**

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ – ആമീൻ.*